## സർക്കാർ ബധിര വിദ്യാലയം, ഒറ്റപ്പാലം

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 –2026

# <u>ഉള്ളടക്കം</u>


1. ആമുഖം
2. നമ്മുടെ വിദ്യാലയം – അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. നിലവിലെ അടിസ്ഥാന വിശകലനം
6. മികവിനായി ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ
7. പദ്ധതി വിശദാംശങ്ങൾ
8. പ്രതീക്ഷിത നേട്ടങ്ങൾ
9. മോണിറ്ററിംഗ്
10. ഉപസംഹാരം

## ആമുഖം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റി പരിധിയിലുള്ള കണ്ണിയംപുറം എന്ന പ്രദേശത്താണ് ഒറ്റപ്പാലം ഗവൺമെൻറ് ബധിര വിദ്യാലയം. ചരിത്രപരമായും ഐതിഹപരവും ആയി ഏറെ പെരുമയുള്ള നാടാണിത്. പഴയ മദ്രാസ് സംസ്ഥാനത്തിൽപ്പെട്ട വള്ളുവനാട് താലൂക്ക് . പിൽക്കാലത്ത് ഈ പട്ടണം ഭരണകേന്ദ്രമാക്കി ഒറ്റപ്പാലം താലൂക്ക് എന്ന പേരിൽ നിലവിൽ വരികയുണ്ടായി.

1940 ൽ ചുനങ്ങാട് ഉള്ള ഒരു വാടകവീട്ടിലാണ് ഈ വിദ്യാലയം പ്രവർത്തനം ആരംഭിക്കുന്നത് ഈ നല്ല തുടക്കത്തിന് നേതൃത്വം നൽകിയത് ആദരണീയനായ ശ്രീ ചക്രപാണിവാര്യർ മാഷ് ആണ്. നിലവിൽ
ഈ വിദ്യാലയം പ്രവർത്തിക്കുന്നത് ഒറ്റപ്പാലം കണ്ണിയം പുറത്താണ്. ്കൂളിലെ പ്രധാന അധ്യാപകരായിരുന്ന ചക്രപാണി വാരിയർ കെഎസ്ആർ എന്നിവർ സ്കൂളിൻറെ വികസനത്തിനായി പ്രവർത്തിച്ചവരാണ്.

ആരംഭത്തിൽ എറണാകുളം മുതൽ കാസർകോട് വരെയുള്ള ഭദ്രവിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഏക വിദ്യാലയം ആയിരുന്നു ഇത്. തുടക്കകാലങ്ങളിൽ 350 ൽ പരം കുട്ടികൾ ഈ വിദ്യാലയത്തിൽ ഏഴ് വരെയുള്ള ക്ലാസുകളിൽ വിദ്യാഭ്യാസം നേടിയിട്ടുണ്ട് .

1968–69 വർഷത്തിൽ ഹൈസ്കൂൾ തലത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു.1988–89 വർഷത്തിൽ ഈ വിദ്യാലയത്തിലെ ആദ്യ എസ്എസ്എൽസി ബാച്ച് 100% വിജയത്തോടെ ചരിത്ര മുഹൂർത്തത്തിന് തുടക്കം കുറിച്ചു.

2007–2008 ൽ ഈ സ്കൂളിൽ വൊക്കേഷണൽ ട്രെയിനിങ് (VHSE) ആരംഭിച്ചു. പത്താം ക്ലാസ് പഠനത്തിനുശേഷം കുട്ടികൾക്ക് ഉൽ പരിശീലനം കൂടി നൽകത്തക്കംവിധം കൃഷി, ക്ലോത്തിങ് ആൻഡ് എംബ്രോയ്ഡറി എന്നീ കോഴ്സുകൾ ആണ് ഇവിടെ ആരംഭിച്ചത്. അന്ന് കുട്ടികൾ സംസ്ഥാനതലത്തിൽ ധാരാളം സമ്മാനങ്ങൾ നേടുകയുണ്ടായി. ഈ സ്കൂളിലെ കുട്ടികൾ കലാകായിക മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിരുന്നു.

2011–2012 ൽ ഈ സ്കൂളിൽ പുതിയതായി ഹയർസെക്കൻഡറിയും അനുവദിച്ചു. കൊമേഴ്സ് , ഹ്യൂമാനിറ്റീസ് എന്നീ കോഴ്സുകൾ ആണ് ഇവിടെയുള്ളത്. ഇപ്പോൾ ഈ സ്കൂൾ മികച്ച രീതിയിൽ നടക്കുന്നു.

2024–2025 വർഷത്തിൽ സ്കൂളിനെ ' മികവിന്റെ കേന്ദ്രം' ആക്കി മാറ്റുന്ന പദ്ധതിയിലൂടെ സ്കൂൾ നവീകരിച്ചു. ആധുനിക സൗകര്യങ്ങളോടു കൂടിയ ഓഡിയോളജി റൂം , സ്പീച് ലാബ്, സയൻസ് ലാബ്, ഗണിത ലാബ് എന്നിവയുടെ പ്രവർത്തനം വിപുലീകരിച്ചു. കുട്ടികളുടെ ചിന്തയെയും സർഗ്ഗശേഷിയെയും വികസിപ്പിക്കുന്ന വിധത്തിൽ സ്കൂൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

## നമ്മുടെ വിദ്യാലയം – അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് | : | മിനി കുമാരി .എം. എൽ |
| ആകെ അധ്യാപകർ | : | 30 |
| ഹയർസെക്കൻഡറി വിഭാഗം | : | 8 |
| ഹൈസ്കൂൾ വിഭാഗം | : | 6 |
| എൽപി– യുപി വിഭാഗം | : | 6 |
| പ്രീ പ്രൈമറി | : | 1 |
| ക്ലാർക്ക് | : | 1 |
| എഫ് ടി എം | : | 7 |
| ജില്ല | : | പാലക്കാട് |
| വിദ്യാഭ്യാസ ജില്ല | : | ഒറ്റപ്പാലം |
| ഉപജില്ല | : | ഒറ്റപ്പാലം |
| ബി ആർ സി | : | ഒറ്റപ്പാലം |
| വിദ്യാർഥികളുടെ എണ്ണം | : | |

| | | ബോയ്സ് | ഗേൾസ് | ആകെ |
|---|---|---|---|---|
| പ്രീ പ്രൈമറി | : | 2 | 3 | 5 |
| എൽ പി –യു പി | : | 12 | 4 | 16 |
| ഹൈസ്കൂൾ | : | 9 | 4 | 13 |
| ആകെ | : | 22 | 11 | 34 |

## പിടിഎ കമ്മിറ്റി 2025–2026

| | | |
|---|---|---|
| പ്രസിഡണ്ട് | : | ശിവ ശങ്കരൻ |
| വൈസ് പ്രസിഡണ്ട് | : | സെലീന |
| എം പി ടി എ പ്രസിഡണ്ട് | : | ഫെമിന. കെ .പി |
| എക്സിക്യൂട്ടീവ് മെമ്പേഴ്സ് | : | സാജിത<br>മഞ്ജു<br>ജൗരാ ജാസ്മിൻ<br>സിറാജുദ്ദീൻ<br>ദേവകി<br>റീന<br>സുനന്ദിനി<br>അബ്ദുൽ അസീസ് |

| | | |
|---|---|---|
| സ്റ്റാഫ് സെക്രട്ടറി | : | സാജിത .ടി. എം |
| എസ്. ആർ ജി കൺവീനർ | : | റെനി .പി. തോമസ് |

സ്റ്റാഫ് ലിസ്റ്റ്

| Sl No | Name | Designation |
|---|---|---|
| 1 | മിനി കുമാരി .എം .എൽ | ഹെഡ് മിസ്ട്രസ് |
| 2 | റെനി പി തോമസ് | H S T സോഷ്യൽ സയൻസ് |
| 3 | ശരണ്യ | H S T മാത്തമാറ്റിക്സ് |
| 4 | സരിത | H S T ഫിസിക്കൽ സയൻസ് |
| 5 | നയന | H S T മലയാളം |
| 6 | സുരലാൽ | ഫിസിക്കൽ എജ്യൂക്കേഷൻ |
| 7 | സുജിത | നീഡിൽ വർക്ക് ടീച്ചർ |
| 8 | ശ്രീലത | ക്രാഫ്റ്റ് ടീച്ചർ |
| 9 | സാജിത ടി എം | അസിസ്റ്റൻറ് ടീച്ചർ |
| 10 | ഇന്ദു കെ പി | അസിസ്റ്റൻറ് ടീച്ചർ |
| 11 | രേഷ്മ പി | അസിസ്റ്റൻറ് ടീച്ചർ |
| 12 | ഫെമിന കെ.പി | അസിസ്റ്റൻറ് ടീച്ചർ |
| 13 | രാധാലക്ഷ്മി | പ്രീ പ്രൈമറി ടീച്ചർ |

## ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ മുറുകിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

അക്കാദമിക മികവിനും കുട്ടികളിലെ നൈപുണികൾ വികസിപ്പിക്കുന്നതിനും ഉപകരിക്കത്തക്ക വിധത്തിൽ ദീർഘകാല അടിസ്ഥാനത്തിൽ പശ്ചാത്തലസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പ്രീ പ്രൈമറി തലം മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# <u>വിദ്യാലയം മികവിന്റെ കേന്ദ്രം</u>

1. പാഠ പാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിച്ചു.

2. ശുചിത്വം,ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കി.

3. ശ്രവണ വൈകല്യമുള്ളവർക്കായുള്ള പഠന പുരോഗതി കൈവരിക്കുന്നതിന് അനുകൂലമായ വിദ്യാലയ അന്തരീക്ഷം ഒരുക്കി അതിനായി ഓഡിയോളജി റൂം, സ്പീച്ച്ലാബ് ,ഗ്രൂപ്പ് ഹിയറിങ് സിസ്റ്റം എന്നിവ കൊണ്ടുവന്നു.

4. <u>പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ</u>

- എസ്.ആർ ജി യോഗത്തിൽ വിദ്യാലയത്തിന്റെ വികസന പദ്ധതികൾ ചർച്ച ചെയ്തു.
- വികസന ആവശ്യങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കി.
- കരട് രൂപരേഖ ജനപ്രതിനിധികൾ ,രാഷ്ട്രീയ സംഘടന പ്രതിനിധികൾ, തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു.
- നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തു.
- പിടിഎ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കി.

# നിലവിലെ അടിസ്ഥാന വിശകലനം

## ഭൗതിക നേട്ടങ്ങൾ

സ്കൂളിന് 'മികവിന്റെ കേന്ദ്രം' ആക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പ്ലാൻ ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ അനുവദിച്ചു. അതിൻറെ അടിസ്ഥാനത്തിൽ സ്കൂളിൻറെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിരവധി കാര്യങ്ങൾ സ്കൂളിൽ നടത്തുകയുണ്ടായി .അതിൻറെ ഭാഗമായി സ്കൂളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഓഡിയോളജി റൂം,സ്പീച്ച് ലാബ് ,സയൻസ് ലാബ് ,കുട്ടികളുടെ പാർക്ക്, കമ്പ്യൂട്ടർ ലാബ് തുടങ്ങി നിരവധി കാര്യങ്ങൾ സജ്ജമാക്കി. സ്കൂൾ ഭംഗിയാക്കുന്നതിന്റെ ഭാഗമായി സ്കൂളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നിരവധി ചുമർചിത്രങ്ങൾ വരച്ചു .അതുകൂടാതെ സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ പണിയും നടന്നുകൊണ്ടിരിക്കുന്നു.

## ഭൗതികം – പരിമിതികൾ

സ്കൂളിന് ഒരു ചുറ്റുമതിൽ ഉള്ളത് പൂർണ്ണമല്ല. ശൗചാലയം ആധുനിക രീതിയിലല്ല.ഓഡിറ്റോറിയം നിലവിലില്ല .സ്റ്റേജ് ആവശ്യമാണ്. ആവശ്യത്തിന് ക്ലാസ് മുറികളും നിലവിലില്ല.

## അക്കാദമികം– നേട്ടങ്ങൾ

തുടർച്ചയായി സ്കൂൾതലത്തിലും ഹയർസെക്കൻഡറി തലത്തിലും 100% വിജയം കൈവരിക്കുന്നു. കലാകായിക പ്രവർത്തി പരിചയമേളകളിൽ സംസ്ഥാനതലത്തിൽ പങ്കെടുത്ത കുട്ടികൾ സമ്മാനങ്ങൾ കരസ്ഥമാക്കി .കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി ഓഡിയോളജി റൂം, സ്പീച് ലാബ്, സയൻസ് ലാബ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി . ICT പഠനത്തിൽ കമ്പ്യൂട്ടർ ലാബ് ,ആക്ടീവ് പാനൽ ബോർഡ് എന്നിവയുടെ സഹായത്തോടെ കുട്ടികൾ മികവ് കൈവരിച്ചു.

## അക്കാദമികം – പരിമിതികൾ

കുട്ടികൾക്ക് സ്പീച്ച് പരിശീലനം നൽകുന്നതിനായി സ്പീച് തെറാപ്പിസ്റ്റിനെ നിയമിക്കണം.

## മികവിനായി ഏറ്റെടുത്ത നടത്തിയ പ്രവർത്തനങ്ങൾ

### അക്കാദമികം

- പ്രവർത്തി പരിചയ പഠനം
- പച്ചക്കറിത്തോട്ടം
- മെഡിക്കൽ ക്യാമ്പ്
- ദിനാചരണം
- കുട്ടികളുടെ പാർക്ക്
- ജൈവവൈവിധ്യ തോട്ടം
- പഠനയാത്ര
- ചിത്രരചന
- ഓഡിയോളജി ലാബ്
- സ്പീച് ക്ലാസ്
- മികച്ച ലൈബ്രറി
- ഐടി പരിശീലനം
- കലാകായിക പരിശീലനം
- സയൻസ് ലാബ്
- ഗണിത ലാബ്
- വായനാ പരിപോഷണം
- സയൻസ് പാർക്ക്

### ഭൗതികം

- കുട്ടികളുടെ പാർക്ക്
- കമ്പ്യൂട്ടറിൽ ലാബ്
- ഓഡിയോളജി ലാബ് ഗ്രൂപ്പ് ഹി
- ഗ്രൂപ്പ് ഹിയറിങ് സിസ്റ്റം
- ഓഡിയോ മീറ്റർ

### സാമൂഹികം

- പിടിഎ ശാക്തീകരണം
- പൂർവ്വ വിദ്യാർത്ഥി സംഘടന പ്രവർത്തനം
- ഭവന സന്ദർശനം
- വിദ്യാലയ മികവുകൾ പൊതുസമൂഹത്തിനായി പങ്കിടൽ

## മികവിനായി ഏറ്റെടുത്ത നടത്തേണ്ട പ്രവർത്തനങ്ങൾ

അക്കാദമികം

- യോഗ ക്ലാസുകൾ
- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- സ്കൂൾ പത്രം /മാസിക

ഭൗതികം

- ചുറ്റുമതിൽ
- ക്ലാസ് മുറികൾ

സാമൂഹികം

- പൂർവ്വ അധ്യാപകരുടെ കൂട്ടായ്മ
- ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

# പദ്ധതി വിശദാംശങ്ങൾ

## എൽ പി –യു പി വിഭാഗം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • ഇംഗ്ലീഷ് മലയാളം അക്ഷരങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക<br>• ഭാഷാ വികസനം | <u>അക്ഷര ലോകത്തേക്ക്</u><br>• അക്ഷരമാല ചാർട്ട് ഉപയോഗിച്ച് അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിക്കുക<br>• അക്ഷരമാലയുടെ ആവർത്തിച്ചുള്ള പഠനം<br>• അക്ഷരങ്ങൾ തിരഞ്ഞെടുത്തു വാക്കുകൾരൂപീകരണം<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ | ജൂൺ – ഓഗസ്റ്റ് | അധ്യാപകർ | |
| 2 | • ഭാഷാശേഷികളുടെ വികസനം<br>• ചിത്രകഥ പരിചയപ്പെടുത്തൽ<br>• പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ | <u>കഥയുടെ ലോകത്തേക്ക്</u><br>• ചിത്രങ്ങളുടെ സഹായത്തോടെ കഥയുടെ ആശയം കുട്ടികളിലേക്ക് എത്തിക്കുന്നു<br>• ഐസിടിയുടെ സഹായത്തോടെ ആശയങ്ങൾ വ്യക്തമാക്കുന്നു. | ജൂൺ –മാർച്ച് | അധ്യാപകർ | |
| 3 | • കലാവാസനകൾ പരിപോഷിപ്പിക്കൽ<br>• സർഗാത്മക വികസനം | <u>ചിത്രീകരണം</u><br>• പാഠഭാഗങ്ങളിലെ ചിത്രങ്ങൾ കഥാപാത്രങ്ങൾ എന്നിവ വരയ്ക്കുന്നതിനുള്ള ശ്രമം. | ജൂൺ –മാർച്ച് | അധ്യാപകർ | |
| 4 | • ഗണിതക്രിയ രൂപീകരണം | <u>കണക്കിലെ മായാജാലം</u><br>• ഗണിതക്രിയകൾ പഠിപ്പിക്കാൻ മഞ്ചാടിക്കുരു മുത്ത് കല്ല് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ | ജൂൺ –ഓഗസ്റ്റ് | അധ്യാപകർ | |
| 5 | • പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ | <u>കൃഷിപാഠം</u><br>• സ്കൂളിലെ കൃഷിസ്ഥല സന്ദർശനം<br>• തുടർച്ചയായ സന്ദർശനത്തിലൂടെ യും നിരീക്ഷണത്തിലൂടെയും ചെടികൾക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിയുക | ജൂൺ–മാർച്ച് | അധ്യാപകർ | |
| 6 | • ഇംഗ്ലീഷ് വൊക്കാബുലറി വികസനം | <u>കളിക്കാം പഠിക്കാം</u><br>• പലതരത്തിലുള്ള ലാംഗ്വേജ് ഗെയിംസിലൂടെ ഇംഗ്ലീഷ് വാക്കുകൾ കണ്ടെത്തുകയും പഠിക്കുകയും ചെയ്യുക | ജൂൺ –മാർച്ച് | അധ്യാപകർ | |

# <u>ഹൈസ്കൂൾ വിഭാഗം – മലയാളം</u>

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരമുറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ | ജൂൺ – മാർച്ച് | മലയാളം അധ്യാപകർ | |
| 2 | ഭാഷാ വികസനം | <u>സർഗ്ഗസല്ലാപം</u><br>_ഒരു കഥയോട്ടു സമാനമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. കഥയിൽ പറഞ്ഞിട്ടുള്ള സന്ദർഭങ്ങൾക്ക് അനുസരിച്ച് തന്നിരിക്കുന്ന ചിത്രങ്ങൾ ക്രമീകരിക്കാൻ ആവശ്യപ്പെടുന്നു . | ഒക്ടോബർ – നവംബർ | മലയാളം അധ്യാപകർ | |
| 3 | ഭാഷാശേഷികളുടെ വികസനം സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ | <u>ക്ലാസ് റൂം ലൈബ്രറി</u><br>• വായനാശീലം വളർത്തുക<br>• .പലതരത്തിലുള്ള സാഹിത്യകൃതികൾ പരിചയപ്പെടുത്തുക.<br>• കുട്ടികൾക്ക് അനുയോജ്യമായ പലതരം പുസ്തകങ്ങൾ മാസികകൾ എന്നിവ ശേഖരിച്ച് ഓരോ ക്ലാസ് റൂമിലും ഓരോ ലൈബ്രറിഒരുക്കുക<br>• വായനാക്കുറിപ്പ് തയ്യാറാക്കുക | ജൂൺ –മാർച്ച് | മലയാളം അധ്യാപകർ | |
| 4 | സർഗാത്മകത വികസിപ്പിക്കുക | മലയാളം പതിപ്പ്<br>• കുട്ടികളുടെ രചനകൾ, വായനാക്കുറിപ്പ്, ചിത്രരചന, പോസ്റ്ററുകൾ എന്നിവ ഉൾപ്പെടുത്തി ഒരു പതിപ്പ് തയ്യാറാക്കുന്നു | ജൂൺ –മാർച്ച് | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | വായനയെ പരിപോഷിപ്പിക്കുക | വായിക്കാം വളരാം<br>• വായന വാരാചരണം<br>• പുസ്തക പ്രദർശനം<br>• അക്ഷര മരം<br>• വായനാദിന ക്വിസ് | ജൂൺ | മലയാളം അധ്യാപകർ | |
| 6 | ബഷീർ കൃതികളെ അടുത്തറിയൽ | ബഷീർ ദിനാചരണം<br>• ബഷീർ കൃതികൾ പരിചയപ്പെടുത്തുന്നു<br>• ബഷീറിൻറെ കഥാപാത്രങ്ങളുടെ ആവിഷ്കാരം<br>• ബഷീർ ദിന ക്വിസ് | ജൂലൈ | മലയാളം അധ്യാപകർ | |

## ഹൈസ്കൂൾ വിഭാഗം- ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • ഇംഗ്ലീഷ് ഭാഷയെ കൂടുതൽ മനസ്സിലാക്കൽ<br>• പുതിയ വാക്കുകളും അവയുടെ അർത്ഥങ്ങളും കണ്ടെത്തൽ | ഡിക്ഷണറി നിർമ്മാണം<br>• ഓരോ ദിവസവും ഓരോ പുതിയ വാക്കുകൾ കുട്ടികൾ കണ്ടെത്തുന്നു<br>• കണ്ടെത്തിയ വാക്കുകളും അവയുടെ അർത്ഥങ്ങളും ചിത്രങ്ങളിലൂടെ സഹായത്തോടെ ഡിക്ഷണറി തയ്യാറാക്കുന്നു | ജൂൺ- മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | • ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കോർണർ<br>• ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ മാസികകൾ എന്നിവയുടെ ശേഖരം ഒരുക്കുന്നു | ജൂൺ-മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| 3 | • തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഇംഗ്ലീഷ് ഡയറി<br>• ഓരോ ദിവസവും വിദ്യാലയത്തിനും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | ഒക്ടോബർ -മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | • നിത്യജീവിതത്തിൽ ആവശ്യമായ ഭാഷയുടെ ഉപയോഗം മനസ്സിലാക്കൽ | ഇംഗ്ലീഷ് ഇൻ ഡെയിലി ലൈഫ്<br>• ബയോഡേറ്റ റൈറ്റിംഗ്<br>• അപേക്ഷാഫോം പൂരിപ്പിക്കൽ<br>• ലെറ്റർ റൈറ്റിംഗ് | ജൂൺ – മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |

## ഹൈസ്കൂൾ വിഭാഗം– ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • ഗണിത പഠനം രസകരമാക്കൽ | ഗണിത ലാബ്<br>• ഒരു മുറിയിൽ ഗണിതലാ സജ്ജമാക്കൽ<br>• ഗണിതലാബിന്റെ സഹായത്തോടെ ഗണിത പഠനം | ജൂൺ – മാർച്ച് | ഗണിത അധ്യാപകർ | |
| 2 | • ഗണിതത്തിൽപിന്നോക്കംനിൽക്കുന്നകുട്ടികളെ മെച്ചപ്പെടുത്തൽ | • ഗണിത മോഡലുകൾ ഉപയോഗിച്ച് ഗണിത ക്രിയകൾ പരിശീലിപ്പിക്കൽ | ജൂൺ – മാർച്ച് | ഗണിത അധ്യാപകർ | |
| 3 | • രസകരമായ ഗണിത പഠനം<br>• കുട്ടികളുടെ കരചലന ഉണ്ട് ശേഷികളുടെ വികസനം | ഗണിത ശില്പശാല<br>• വിവിധ ഗണിത രൂപങ്ങൾ നിർമ്മിക്കൽ | നവംബർ | ഗണിത അധ്യാപകർ | |
| 4 | • ICTഉപയോഗിച്ച് ഗണിത പഠനം | ICT വർക്ക്ഷോപ്പ്<br>• Geogebra ഉപയോഗിച്ച് ഗണിത ആശയങ്ങൾ പ്രദർശിപ്പിക്കൽ | ഡി | ഗണിത അധ്യാപകർ | |

# <u>ഹൈസ്കൂൾ വിഭാഗം-സയൻസ്</u>

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • ശാസ്ത്ര അവബോധം വളർത്തൽ | <u>ശാസ്ത്ര ലോകത്തേക്ക്</u><br>• ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു<br>• സ്കൂളിലെ പൂന്തോട്ടം കൃഷി എന്നിവയുടെ സന്ദർശനം<br>• വാന നിരീക്ഷണം | ജൂൺ – മാർച്ച് | സയൻസ് അധ്യാപകർ | |
| 2 | • പരിസ്ഥിതിയെ അടുത്തറിയൽ<br>• പരിസ്ഥിതി സംരക്ഷണം | <u>പരിസ്ഥിതി ക്കൊപ്പം ഒരു ദിനം</u><br>• പരിസ്ഥിതി ദിന സന്ദേശം<br>• ചെടികൾ നട്ടുപിടിപ്പിക്കൽ<br>• ചെടികളുടെ സംരക്ഷണം<br>• പരിസ്ഥിതി ദിന ക്വിസ് | ജൂൺ | സയൻസ് അധ്യാപകർ<br>സീഡ് ക്ലബ് മെമ്പേഴ്സ് | |
| 3 | • ശാസ്ത്ര മനോഭാവം രൂപപ്പെടുത്തൽ | <u>ഹൈടെക് വേൾഡ്</u><br>• സയൻസ് ലാബ് ഐടി ലാബ് എന്നിവ ആധുനികവൽക്കരിച്ച് കുട്ടികളിൽ പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കുന്നു | ജൂൺ– സെപ്റ്റംബർ | സയൻസ് അധ്യാപകർ | |
| 4 | • സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പസ് | <u>നാം സംരക്ഷിക്കേണ്ട ഭൂമി</u><br>• പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക<br>• കൃഷി, പരിസ്ഥിതി സംരക്ഷണം ,പ്ലാസ്റ്റിക് നിരോധനം എന്നീ വിഷയങ്ങളിൽ ക്ലാസ് സംഘടിപ്പിക്കുക | ജൂൺ – മാർച്ച് | അധ്യാപകർ | |
| 5 | • സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക | <u>ഓർമ്മിക്കേണ്ട ദിനങ്ങൾ</u><br>• ഡോക്ടേഴ്സ് ഡേ<br>• ചാന്ദ്രദിനം<br>• ഓസോൺ ദിനം<br>• ശാസ്ത്ര ദിനം | ജൂൺ – മാർച്ച് | അധ്യാപകർ | |

# ഹൈസ്കൂൾ വിഭാഗം- സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | • പ്രീ ടെസ്റ്റ്<br>• സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>• ചിത്രങ്ങൾ ,വീഡിയോകൾ എന്നിവയിലൂടെ അഭിപ്രായങ്ങൾ അവതരിപ്പിക്കൽ<br>• വാക്കുകൾ,ചിത്രങ്ങൾ, വാചകങ്ങൾ, എന്നിവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ | ജൂൺ –ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകർ | |
| 2 | • സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക | • ലഹരി വിരുദ്ധ ദിനാചരണം ,ബോധവൽക്കരണ ക്ലാസ്, പ്രതിജ്ഞ<br>• ജനസംഖ്യാ ദിനാചരണം,ബോധവൽക്കരണ ക്ലാസ്,പോസ്റ്റർ നിർമ്മാണം | ജൂൺ–ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകർ | |
| 3 | • ഭൂപട വായന കുട്ടികളിൽ വളർത്തുക | • അറ്റ്ലസ് നിർമ്മാണം<br>• ഗ്ലോബ് പരിചയപ്പെടുത്തൽ | ജൂലൈ –സെപ്റ്റംബർ | സോഷ്യൽ സയൻസ് അധ്യാപകർ | |
| 4 | • ദേശീയ വളർത്തുക. എല്ലാ ഇന്ത്യക്കാരും എൻറെ സഹോദരീസഹോദരന്മാരാണ് എന്ന ബോധം വളർത്തിയെടുക്കുക | • സ്വാതന്ത്ര്യദിനാചരണം<br>• ക്വിസ്<br>• പോസ്റ്റർ നിർമ്മാണം<br>• സ്വാതന്ത്ര്യദിനപതിപ്പ്<br>• പതാക നിർമ്മാണം | ഓഗസ്റ്റ് | അധ്യാപകർ | |
| 5 | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ<br>• പൊതുവിജ്ഞാനം | • ഹിരോഷിമ നാഗസാക്കി ദിനാചരണം<br>• ഗാന്ധിജയന്തി<br>• കേരളപ്പിറവി ആഘോഷം<br>• ശിശുദിനാഘോഷം<br>• ഭരണഘടനാ ദിനാചരണം<br>• റിപ്പബ്ലിക് ദിനാചരണം | ജൂൺ – മാർച്ച് | അധ്യാപകർ | |
| 6 | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ മനസ്സിലാക്കൽ | • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് | നവംബർ | അധ്യാപകർ | പിടിഎ |

## ഹൈസ്കൂൾ വിഭാഗം– ഐ.ടി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • കുട്ടികളിൽ സാങ്കേതികവിദ്യ പരിചയപ്പെടുത്തുക | • കമ്പ്യൂട്ടറിൻറെ അടിസ്ഥാനപരമായ കാര്യങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂൺ– ജൂലൈ | ഐടി അധ്യാപകർ | |
| 2 | • സാങ്കേതികവിദ്യ ഉപയോഗിച്ച് കുട്ടികളുടെ സർഗാത്മകത വാർത്തകൾ | • പെയിൻറിംഗ് പോസ്റ്റർ നിർമ്മാണം | ഓഗസ്റ്റ് | ഐടി അധ്യാപകർ | |
| 3 | • കമ്പ്യൂട്ടർ ഉപയോഗം വേഗത്തിൽ ആക്കാൻ | • കമ്പ്യൂട്ടറിലെ അടിസ്ഥാന വിവരങ്ങൾ മനസ്സിലാക്കുകയും വേഗത്തിൽ ചെയ്യാനും കുട്ടികളെ പ്രാപ്തരാക്കുക | ജൂൺ– മാർച്ച് | ഐടി അധ്യാപക | |

# ഫിസിക്കൽ എജ്യൂക്കേഷൻ

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • കായികക്ഷമത വർദ്ധിപ്പിക്കുക | • ഓപ്പൺ ജംനേഷ്യം<br>• ചിൽഡ്രൻസ് പാർക്ക് | ജൂൺ – മാർച്ച് | ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകൻ | |
| 2 | • കായികമേളകളിൽ പങ്കെടുക്കാൻ കുട്ടികളിൽ പ്രാപ്തരാക്കുക | • സ്പോർട്സ് ആൻഡ്ഗെയിംസ് ട്രെയിനിങ് | ജൂൺ – മാർച്ച് | ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകൻ | |
| 3 | • കായികമേളയിൽ പങ്കെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക<br>• കായികക്ഷമത വർദ്ധിപ്പിക്കുക | • വെയിറ്റ് ലിഫ്റ്റിംഗ് പരിശീലനം<br>• ബാഡ്മിൻറൺ പരിശീലനം<br>• ഫുട്ബോൾ പരിശീലനം<br>• മറ്റു ചെറിയ കായിക പരിശീലനങ്ങൾ | ജൂൺ– മാർച്ച് | ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകൻ | |
| 4 | • മാനസിക ശാരീരിക ക്ഷമത കൈവരിക്കൽ | • യോഗ പരിശീലനം | ജൂൺ– മാർച്ച് | ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകൻ | |

# തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • കുട്ടികളുടെ സർഗ്ഗശേഷി വികസനം<br>• കര ചലന ശേഷികളുടെ വികസനം | • ബാഡ്ജ് നിർമ്മാണം.<br>• ദിനാചരണങ്ങളോട് ബന്ധപ്പെട്ട വിവിധതരത്തിലുള്ള ബാഡ്ജുകൾ നിർമ്മിക്കാൻ പരിശീലനം നൽകുക | ജൂൺ | W E അധ്യാപകർ | |
| 2 | • സർഗശേഷി വികസനം<br>• ഓർമ്മശക്തി വർദ്ധിപ്പിക്കൽ | • ഒറിഗാമി രീതിയിൽ വിവിധരൂപങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുക | ഓഗസ്റ്റ് | W E അധ്യാപകർ | |
| 3 | • കലാപരമായ ശേഷി വർദ്ധിപ്പിക്കൽ<br>• നിറങ്ങൾ തിരിച്ചറിയാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ഫാബ്രിക് പെയിൻറിംഗ്<br>• തുണിയിൽ ചിത്രം പകർത്താനും പെയിൻറിങ് ചെയ്യാനുള്ള പരിശീലനം<br>• പുതിയ വർണ്ണങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം | സെപ്റ്റംബർ –നവംബർ | W E അധ്യാപകർ | |
| 4 | • സ്വയംതൊഴിൽ പരിശീലനം<br>• സ്വന്തം വസ്ത്രം തയ്ക്കാൻ പ്രാപ്തരാക്കുക | • തയ്യൽ പരിശീലനം<br>• തുണി മുറിച്ച് വസ്ത്രം കൈകൊണ്ട് തുന്നുന്നതിനും പിന്നീട് മെഷീൻ ഉപയോഗിച്ച് തൈക്കാനും പരിശീലനം നൽകുന്നു | ജൂൺ–മാർച്ച് | W E അധ്യാപകർ | |
| 5 | • പാഴ്വസ്തുക്കളുടെ പുനരുപയോഗം | • പാഴ്വസ്തുക്കൾ കൊണ്ടുള്ള കരകൗശലം | ജൂലൈ –നവംബർ | W E അധ്യാപകർ | |
| 6 | • പ്രവർത്തി പരിചയം മേളയിലേക്ക് തയ്യാറെടുക്കൽ | • പ്രവർത്തിപരിചയമേള<br>• ചന്ദനത്തിരി നിർമ്മാണ പരിശീലനം<br>• എംബ്രോയ്ഡറി പരിശീലനം<br>• ബാംബൂ ഉൽപ്പന്നങ്ങൾ ,കയർകൊണ്ടുള്ളഉൽപ്പന്നങ്ങൾ എന്നിവയുടെ പരിശീലനം<br>• കാർഡ് ആൻഡ് സ്ട്രോബോർഡ് പരിശീലനം | ജൂൺ –നവംബർ | W E അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | • മെറ്റൽ എൻഗ്രേവിംഗ് പരിശീലനം<br>• വെജിറ്റബിൾ പ്രിൻറിംഗ് പരിശീലനം<br>• മുത്തുകൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ നിർമ്മാണം<br>• റെക്സിൻ ആൻഡ് ക്യാൻവാസ് ഉപയോഗിച്ചുള്ള വസ്തുക്കൾ നിർമ്മാണം<br>• പേപ്പർ ക്രാഫ്റ്റ് പരിശീലനം | | | |
| 7 | • കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം | • കുട്ടികൾ നിർമ്മിച്ച വിവിധതരത്തിലുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും വിപണനവും | ജനുവരി | അധ്യാപകർ | |

## പ്രീ പ്രൈമറി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | • നൈപുണികൾ കുട്ടികളിൽ വളർത്തുക<br>• പ്രീ സ്കൂൾ പഠനം രസകരമാക്കുക | • ആക്ഷൻ സോങ്<br>• പാവനാടകം<br>• കളികൾ<br>• ചിത്രരചന<br>• വഴി കണ്ടെത്തൽ<br>• കുത്തുകൾ യോജിപ്പിക്കൽ<br>• താരതമ്യം ചെയ്യൽ<br>• വ്യത്യാസം കണ്ടെത്തുക<br>• വ്യായാമം | ജൂൺ –മാർച്ച് | പ്രീ സ്കൂൾ അധ്യാപകർ | |
| 2 | • ഭാഷാ പഠനം രസകരമാക്കുക | • അക്ഷരങ്ങൾ, വാക്കുകൾ, കഥ, പാട്ട് എന്നിവ കളികളിലൂടെയും ആക്ടിവിറ്റി യിലൂടെയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു .<br>• ചിത്ര വായന<br>• നിറം നൽകാൻ<br>• വസ്തുക്കൾ ഉപയോഗിച്ച് അക്ഷരങ്ങൾ അലങ്കരിക്കുക<br>• അക്ഷരപ്പാട്ട്<br>• അക്ഷരമരം നിറം നൽകൽ | ജൂൺ–മാർച്ച് | പ്രീ സ്കൂൾ അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | • അക്ഷരക്കളി | | | |
| 3 | • പരിസര പഠനം രസകരമാക്കുക | • വസ്തുക്കളെ പരിചയപ്പെടുത്തൽ<br>• നിറം നൽകൽ<br>• മോഡലുകൾ പരിചയപ്പെടുത്തൽ<br>• ചിത്രങ്ങൾ പരിചയപ്പെടുത്തൽ<br>• ശബ്ദങ്ങൾ പരിചയപ്പെടുത്തൽ<br>• I C T | ജൂൺ–മാർച്ച് | പ്രീ സ്കൂൾ അധ്യാപകർ | |
| 4 | • ഗണിത പഠനം രസകരമാക്കുക | • അക്കങ്ങൾ പരിചയപ്പെടുത്തൽ<br>• അക്കങ്ങൾ അലങ്കരിക്കൽ<br>• അക്കങ്ങൾ തിരഞ്ഞെടുക്കൽ<br>• അക്കങ്ങൾ ക്രമപ്പെടുത്തൽ<br>• അക്കങ്ങളുടെ പാട്ട്<br>• അക്കങ്ങൾ കൊണ്ടുള്ള കളികൾ<br>• അക്കങ്ങളുടെ കഥ | ജൂൺ –മാർച്ച് | പ്രീ സ്കൂൾ അധ്യാപകർ | |
| 5 | • സംസാര പരിശീലനം രസകരമാക്കാൻ | • ശബ്ദങ്ങൾ പരിചയപ്പെടുത്തൽ<br>• ശ്വസന ക്രമീകരണത്തിനുള്ള വ്യായാമം<br>• അക്ഷരങ്ങൾ,വാക്കുകൾ,<br>• വാചകങ്ങൾ എന്നിവ പരിചയപ്പെടുത്തൽ<br>• സ്പീച്ച് കറക്ഷൻ നൽകാൻ | ജൂൺ –മാർച്ച് | പ്രീ സ്കൂൾ അധ്യാപകർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠന നിരീക്ഷണം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയത്തിൽ പ്രവേശനം നേടുന്ന കുട്ടികളുടെ നിരക്ക് വർദ്ധിപ്പിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## മോണിറ്ററിംഗ് രീതി

ഉദ്യോഗസ്ഥ തലത്തിലുള്ള മുതൽ ശക്തമാക്കുന്നു. സോഷ്യൽ മോണിറ്ററിംഗ് രീതി (പിടിഎ, എം പി ടി എ, എസ് എസ് ജി, എസ് ആർ ജി,) എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.ദൈനംദിന മോണിറ്ററിംഗ് പ്രിൻസിപ്പൽ/ഹെഡ് മിസ്ട്രസ്/ എസ് ആർ ജി കൺവീനർ/ പിടിഎ പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. കേരളത്തിൻറെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. മാറ്റങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.